പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1863 | 08.06.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. കാര്യക്ഷമമാക്കുന്നതിന് സി.സി.ടി.വി.ക്യാമറകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ട്രാൻസ്പോർട്ട് ഭവനിലുൾപ്പെടെയുള്ള ഓഫീസുകളിൽ ജോലി നടക്കുന്നുണ്ടോന്നുറപ്പാക്കുന്നതിനും അഡ്മിനിസ്ട്രേഷൻ കാര്യക്ഷമമാക്കുന്നതിനും സി.സി.ടി.വി.ക്യാമറകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശ്യവുണ്ടോ; എങ്കിൽ എവിടെയെല്ലാം; എന്തെല്ലാം ഓഫീസുകളിൽ; എത്ര വീതം; വിശദമാക്കുമോ; | (എ) യും (ബി) യും | നിലവിൽ ചീഫ് ഓഫീസിൽ ജീവനക്കാരുടെ ജോലിയിൽ കൃത്യത ഉറപ്പുവരുത്തുന്നതിനു വേണ്ടി 18 നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ജീവനക്കാർ അനധികൃതമായി പുറത്തുപോകുന്നതും തിരികെ വരുന്നതും നിരീക്ഷിച്ചുവരുന്നു. കെ.എസ്.ആർ.ടി.സിയുടെ മറ്റ് ഓഫീസുകളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തീരുമാനമെടുത്തിട്ടില്ല. |
| (ബി) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ മിനിട്ടുകൾ ഇടവിട്ട് സ്ക്വാഡ് പരിശോധന നടത്തുന്നതുപോലെ ഓഫീസുകളിലെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ; | | |
| (സി) | ഇതിന്റെ മാതൃകയെന്നോളം തലസ്ഥാനനഗരിയുടെ സിറ്റി ഡിപ്പോ | (സി) | ഉണ്ടായിരുന്നു.<br>തിരുവനന്തപുരം സിറ്റി ഡിപ്പോയുടെ |

| | | | |
|---|---|---|---|
| | ഓഫീസിൽ നിരീക്ഷണ ക്യാമറ സ്ഥാപിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ എവിടെയെല്ലാം; എന്നായിരുന്നു സ്ഥാപിച്ചത്; എന്ത് തുക ഇതിനായി ചെലവഴിച്ചു ; | | കീഴിൽ വരുന്ന നോർത്ത് ബസ് സ്റ്റാന്റിലും സിറ്റി യൂണിറ്റ് ഓഫീസറുടെ ഓഫീസിലുമായി ക്യാമറകൾ സ്ഥാപിച്ചിരുന്നു. 29-8-2017-ലാണ് ടി ഓഫീസുകളിൽ ക്യാമറകൾ സ്ഥാപിച്ചത്. ഇതിനായി 1,80,709 രൂപ ചെലവായിട്ടുണ്ട്. |
| (ഡി) | സി.സി.ടി.വി.ക്യാമറ സ്ഥാപിച്ചതിന് ശേഷം നീക്കം ചെയ്യുകയുണ്ടായോ; എങ്കിൽ അതിനുള്ള കാരണം എന്തായിരുന്നു; | (ഡി) | സിറ്റി യൂണിറ്റിലെ ഓഫീസിനുള്ളിൽ സ്ഥാപിച്ചിരുന്ന CCTV ക്യാമറകളുടെ നിരീക്ഷണം സംബന്ധിച്ച് വ്യാപകമായ പരാതിയുടെ അടിസ്ഥാനത്തിൽ സിറ്റി യൂണിറ്റ് ഓഫീസിനുള്ളിൽ സ്ഥാപിച്ചിരുന്ന CCTV ക്യാമറകൾ നീക്കം ചെയ്യുകയുണ്ടായി. |
| (ഇ) | സെക്രട്ടേറിയറ്റിൽ ഉൾപ്പെടെയുള്ള സർക്കാർ ഓഫീസുകളിൽ നിരീക്ഷണ ക്യാമറ വ്യാപകമായി സ്ഥാപിച്ചുകൊണ്ടിരിക്കുമ്പോൾ കെ.എസ്.ആർ.ടി.സി. ഓഫീസിൽ മാത്രം ഇവ സ്ഥാപിക്കാൻ അനുവദിക്കാതിരിക്കുകയോ അല്ലെങ്കിൽ സ്ഥാപിച്ചതിനെ എടുത്തു മാറ്റുകയോ ചെയ്ത നടപടിയെ അതീവ ഗൗരമായി കാണുമോ; | (ഇ) | CCTV ക്യാമറകൾ പൊതുവായി ജീവനക്കാരെ നിരീക്ഷിക്കുന്ന തരത്തിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (എഫ്) | ഇത്തരത്തിൽ നീക്കം ചെയ്ത സി.സി.ടി.വി.ക്യാമറ ഉടനടി പുനഃസ്ഥാപിക്കാൻ ബന്ധപ്പെട്ട അധികാരികൾക്ക് സത്വരം നിർദ്ദേശം നല്കുമോ? | (എഫ്) | തിരുവനന്തപുരം സിറ്റി ഓഫീസിൽ നിന്നും ഇളക്കി മാറ്റിയ ക്യാമറകൾ മിനി ഗാരേജിലും മറ്റും പുനഃസ്ഥാപിക്കുന്നതിന് യൂണിറ്റാഫീസറുടെ അപേക്ഷയിന്മേൽ അനുമതി നൽകിയിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**